# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.93 | 03.02.2020– ൽ മറുപടിക്ക് |
|---|---|

## റീബിൽഡ് കേരള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.പി. അനിൽ കുമാർ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, റോജി എം. ജോൺ<br>,, വി.ഡി.സതീശൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനം പുനസൃഷ്ടിക്കുന്നതിനായി സമഗ്ര ഇടപെടലുകൾ നടത്തുവാൻ റീബിൽഡ് കേരള പദ്ധതി ആവിഷ്കരിച്ചുവെങ്കിലും അതിന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ), (ബി) & (സി) | പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ആരംഭിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>പ്രളയാനന്തരം അടിയന്തര ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളെത്തുടർന്ന് കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി പുനക്രമീകരിച്ച് വിവിധ വകുപ്പുകൾ അടിയന്തര പുനർനിർമാണ പദ്ധതികൾ ഏറ്റെടുത്തു. അതിജീവനക്ഷമതയുള്ളതും നിലവാരം പുലർത്തുന്നതുമായ ബൃഹത്തായ പുനർനിർമാണ പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്.<br>കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയില്ലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതിദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയില്ലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്നവിധത്തില്ലുള്ള സാങ്കേതിക വിദ്യകളില്ലൂന്നിയും പാരിസ്ഥിതികസൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് |
| (ബി) | സംസ്ഥാനം 2018 ലും 2019 ലും അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പുനർനിർമ്മാണം നടത്തുമ്പോൾ പഴയത് അതേപോലെ നിർമ്മിക്കുക എന്നതല്ല, പകരം മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുകയും ആസ്തികൾ പുനർനിർമ്മിക്കുമ്പോൾ ഭാവിയിൽ | | |

| | | | |
|---|---|---|---|
| | ഉണ്ടാകുവാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന തരത്തിലുള്ള സാങ്കേതികവിദ്യ ഉൾക്കൊണ്ട് കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുക എന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | രൂപം നൽകിയിട്ടുള്ളത്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഒരു ത്രിതല ഭരണസംവിധാനവും സമഗ്രമായ വികസന നയരേഖയും യഥാക്രമം സാധ്യമാക്കിയിട്ടുണ്ട്.<br>പ്രളയത്തെ ധീരമായി അഭിമുഖീകരിച്ചതിനുശേഷം, അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയ സർക്കാർ തുടർന്ന് ഈ ദുരന്തത്തെ ഒരു വെല്ലുവിളിയായിക്കണ്ട് ഒരു നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പുനർനിർമാണ പ്രവർത്തനങ്ങളിലാണ് ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്. |
| (സി) | വിവിധ വകുപ്പുകൾ വഴി പദ്ധതി രേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഏജൻസികൾക്കാണ് സമർപ്പിച്ചതെന്നും അതിലൂടെ എന്ത് തുക സമാഹരിക്കുവാനായി എന്നും വ്യക്തമാക്കുമോ; | | ഇത്തരത്തിലുള്ള പുനർനിർമാണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവി (RKI)ന് രൂപം നൽകിയത്.<br>പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർനിർമാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്.<br>ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും അത്യന്താധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ഉന്നത നിലവാരത്തിൽ കേരളത്തെ പുനർനിർമിക്കുക എന്നതാണ് കേരള പുനർനിർമാണ വികസന പരിപാടി ലക്ഷ്യമിടുന്നത്. കേരളപുനർനിർമാണ പദ്ധതികളിലെല്ലാം ഈ കാഴ്ചപ്പാട് ഉൾച്ചേർന്നിട്ടുണ്ട്.<br>വിവിധ വകുപ്പുകളുടെ പദ്ധതി രേഖയുടെ അടിസ്ഥാനത്തിലല്ല, മറിച്ച് വികസനനയ വായ്പയായാണ് ലോകബാങ്ക് തുക അനുവദിച്ചിട്ടുള്ളത്. ജർമൻ ബാങ്കായ കെ.എഫ്.ഡബ്ള്യുവുമായും ഇത്തരത്തിലുള്ള ചർച്ചകളാണു നടക്കുന്നത്. ലഭ്യമാകുന്ന തുക അനുയോജ്യമായ പദ്ധതികൾക്കായി വകയിരുത്തുകയാണു ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ലോകബാങ്കിൽ നിന്നും ഇതിനകം എത്ര തുകയാണ് ലഭിച്ചത്; പ്രസ്തുത തുക റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് കൈമാറിയതെന്നും എന്നാണ് കൈമാറിയതെന്നും വ്യക്തമാക്കുമോ; | (ഡി) & (ഇ) | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. ലോകബാങ്കിൽ നിന്നുള്ള തുക ലഭിച്ച് 7 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട പ്രോജക്ട് അതോറിറ്റിക്ക് കൈമാറണമെന്നും അല്ലാത്ത പക്ഷം കൈമാറാത്ത തുകയിന്മേൽ കേന്ദ്രസർക്കാരിന് പലിശ ചുമത്താവുന്നതാണെന്നും ഉള്ള സമീപനമാണ് ഇംപ്ളിമെന്റേഷൻ ഏജൻസികൾ വഴി നടപ്പാക്കുന്ന പദ്ധതി വായ്പകളെ സംബന്ധിച്ചിടത്തോളം പ്രസക്തമായിട്ടുള്ളത്. എന്നാൽ കേരളത്തിന് ലഭ്യമാക്കിയിട്ടുള്ളത് വികസനനയവായ്പയാണ്. ആർ.കെ.ഡി.പിയിൽ വിവക്ഷിച്ചിട്ടുള്ള വികസന നയത്തിന് അനുസൃതമായി വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ കേരള പുനർനിർമ്മാണ പദ്ധതിക്കായി 5475-00-115-94 എന്ന ശീർഷകത്തിൽ 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ചെലവഴിച്ചു തീരുന്ന മുറയ്ക്ക് ലോക ബാങ്കിൽ നിന്നും ലഭിച്ച ബാക്കി തുക Additional Authorisation വഴി നിർവ്വഹണ ഏജൻസിക്ക് അനുവദിച്ച് നൽകുന്നതാണ്. |
| (ഇ) | ലോകബാങ്കിൽ നിന്നും ലഭിച്ച തുക ഇംപ്ലിമെന്റേഷൻ ഏജൻസികൾക്ക് കൈമാറുന്നതിന് കേന്ദ്രം സമയപരിധി നിശ്ചയിച്ചിരുന്നോ; പ്രസ്തുത സമയപരിധിക്കുള്ളിൽ തുക കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ